GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

16th October 2015

## ചിഹ്നങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച് തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകി.

തദ്ദേശഭരണ തിരഞ്ഞെടുപ്പ് സ്ഥാനാർത്ഥികൾക്ക് ചിഹ്നം അനുവദിക്കുന്നത് സംബന്ധിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ എല്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും വരണാധികാരികൾക്കും നിർദ്ദേശം നൽകി. നാമനിർദ്ദേശപത്രികയിൽ സ്വതന്ത്ര ചിഹ്നം ആവശ്യപ്പെട്ടിരുന്ന ഒരു സ്ഥാനാർത്ഥിക്ക് ഏതെങ്കിലും ഒരു രാഷ്ട്രീയ കക്ഷിയുടെ ചിഹ്നം അനുവദിക്കണമെന്ന് പ്രസ്തുത രാഷ്ട്രീയ കക്ഷി അതിനായി അധികാരപ്പെടുത്തിയാൾ ശുപാർശ ചെയ്ത് കത്ത് നൽകിയാൽ ആ രാഷ്ട്രീയ കക്ഷിയുടെ ചിഹ്നം പ്രസ്തുത സ്ഥാനാർത്ഥിക്ക് അനുവദിച്ചു കിട്ടുന്നതിന് അർഹതയുണ്ടായിരിക്കുമെന്ന നിർദ്ദേശം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ളത്

*(എസ്.ഇ.സി... 108/2015)*

## ചിഹ്നങ്ങൾ അനുവദിക്കുന്നതിനുള്ള നിബന്ധനകൾ

തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പിൽ സ്ഥാനാർഥികൾക്ക് ചിഹ്നങ്ങൾ അനുവദിക്കുന്നതിനുള്ള നിയമപരമായ നിബന്ധനകൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പൊതു അവബോധത്തിനായി പ്രസിദ്ധീകരിച്ചു.

ദേശീയ കക്ഷിയായോ സംസ്ഥാന കക്ഷിയായോ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള കക്ഷികൾക്ക് അവർക്കായി അനുവദിച്ചിട്ടുള്ള ചിഹ്നം മാത്രമേ നൽകൂ.അംഗീകാരമില്ലാത്ത രാഷ്ട്രീയ കക്ഷികൾക്ക് അവരുടെ മുൻഗണനാക്രമമനുസരിച്ച് ചിഹ്നം അനുവദിക്കും അപ്രകാരം അനുവദിക്കുന്ന ചിഹ്നം കഴിയുന്നിടത്തോളം സംസ്ഥാനത്തിലുടനീളം ഒന്ന് തന്നെ ആയിരിക്കണം. മറ്റു സ്ഥാനാർത്ഥികൾക്ക് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രസിദ്ധീകരിച്ചിട്ടുള്ള ചിഹ്നങ്ങൾ മുൻഗണനാ ക്രമത്തിൽ നാമനിർദ്ദേശ പത്രികയിൽ ആവശ്യപ്പെടും പ്രകാരം നൽകുന്നതാണ്. ഒന്നിലധികം നാമനിർദ്ദേശ പത്രികകൾ സമർപ്പിക്കപ്പെട്ടിട്ടുണ്ടെങ്കിൽ സാധുവായ ആദ്യത്തെ പത്രികയിൽ ആവശ്യപ്പെട്ട ചിഹ്നം അനുവദിക്കണം. ഒന്നിലധികം സ്ഥാനാർത്ഥികൾ ഒരേ ചിഹ്നം ആവശ്യപ്പെടുകയാണെങ്കിൽ എല്ലാവർക്കും നോട്ടീസ് നൽകിയശേഷം നറുക്കെടുപ്പിലൂടെ ചിഹ്നം അനുവദിക്കേണ്ടതാണ്. ഒരു സ്ഥാനാർത്ഥിക്ക് ആവശ്യപ്പെട്ട ചിഹ്നം അനുവദിക്കാൻ കഴിയാതെ വന്നാൽ വരണാധികാരിയ്ക്ക് പട്ടികയിൽ നിന്ന് ഏതെങ്കിലും ചിഹ്നം അനുവദിക്കാം.

തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന എല്ലാ സ്ഥാനാർത്ഥികൾക്കും ചിഹ്നം നൽകേണ്ടതാണ്. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സ്വതന്ത്ര ചിഹ്നങ്ങളായി അംഗീകരിച്ചിട്ടുള്ള ചിഹ്നങ്ങളിൽ, ഏതെങ്കിലും ഒരു സ്ഥാനാർത്ഥി മാത്രം ഒരു പ്രത്യേക ചിഹ്നം ചോദിക്കുകയാണെങ്കിൽ അത് അയാൾക്ക് തന്നെ നൽകാവുന്നതാണ്. ചിഹ്നം അനുവദിച്ച് നൽകി കഴിഞ്ഞാലുടൻ സ്ഥാനാർത്ഥിയെ വിവരം അറിയിക്കുകയും നൽകിയ ചിഹ്നത്തിന്റെ ഒരു മാതൃക കൊടുക്കുകയും വേണം. ഭാരത തിരഞ്ഞെടുപ്പ് കമ്മീഷൻ ചിഹ്നം അനുവദിച്ചിട്ടുള്ള ഒരു കക്ഷിയുടെ സ്ഥാനാർത്ഥി ആണെങ്കിൽ അക്കാര്യം വ്യക്തമാക്കുന്ന രേഖാമൂലമുള്ള ഒരറിയിപ്പ്, നാമനിർദ്ദേശ പത്രിക പിൻവലിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള ദിവസം വൈകുന്നേരം മൂന്നുമണിക്ക് മുൻപ് വരണാധികാരിയെ ഏൽപ്പിച്ചിരിക്കണം.അത്തരം ഒരു അറിയിപ്പ് നൽകാൻ കക്ഷിയുടെ ബൈലോപ്രകാരം അധികാരപ്പെടുത്തിയ ആൾ ഒപ്പിട്ട അറിയിപ്പായിരിക്കണമത്.

(തുടരുന്നു....1/2)

(ദേശീയ കക്ഷിയാണെങ്കിൽ സംസ്ഥാനതലത്തിലും അവിടെനിന്നും ജില്ലാതലത്തിലേക്കും സംസ്ഥാന കക്ഷിയാണെങ്കിൽ ജില്ലാതലത്തിലേക്കും അധികാരപ്പെടുത്തിയിരിക്കണം. അപ്രകാരം അറിയിപ്പ് നൽകാൻ അധികാരപ്പെടുത്തിയ ആളുടെ പേര് നിയോജകമണ്ഡലത്തിലെ വരണാധികാരിയെയും ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനെയും, സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനായി നിശ്ചയിക്കപ്പെട്ട ദിവസം വൈകുന്നേരം 3 മണി കഴിയുന്നതിനു മുമ്പ് ഏൽപ്പിച്ചിരിക്കണം.

*(എസ്.ഇ.സി... 109/2015)*

## നാമനിർദ്ദേശപത്രിക പിൻവലിക്കൽ ഇന്ന് ഉച്ചക്ക് മൂന്ന് മണി വരെ

തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ നാമനിർദ്ദേശപത്രിക പിൻവലിക്കുന്നതിനുള്ള സമയപരിധി ഇന്ന് (ഒക്ടോബർ 17) ഉച്ചക്ക് മൂന്ന് മണിയ്ക്ക് അവസാനിക്കും. 3 മണി കഴിഞ്ഞാലുടൻ മത്സരിക്കുന്നതിനുള്ള സ്ഥാനാർത്ഥികളുടെ ലിസ്റ്റ് 6-ാം നമ്പർ ഫാറത്തിൽ വരണാധികാരി തയ്യാറാക്കണം. ഇത് തയ്യാറാക്കി കഴിഞ്ഞാലുടൻ ഒരു പകർപ്പ് വരണാധികാരികളുടേയും ബന്ധപ്പെട്ട പഞ്ചായത്തിന്റേയും ഓഫീസുകളിലെ നോട്ടീസ് ബോർഡുകളിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ പട്ടികയുടെ പകർപ്പ് സ്ഥാനാർത്ഥിക്കോ അയാളുടെ ഏജന്റിനോ നൽകേണ്ടതാണ്. 6-ാം നമ്പർ ഫോറത്തിലുള്ള മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ പേരു വിവരവും നൽകപ്പെട്ട ചിഹ്നങ്ങളുടെ വിവരവും തിരഞ്ഞെടുപ്പ് കമ്മീഷനെ ഫാക്സ്/ഇ-മെയിൽ മുഖേനയോ പ്രത്യേക ദുതൻ മുഖാന്തിരമോ അറിയിക്കേണ്ടതാണ്. കാലതാമസം ബാലറ്റ് പേപ്പർ അച്ചടിക്കുന്ന പ്രവൃത്തികളെ ഗുരുതരമായി ബാധിക്കും.

മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ പട്ടികയുടെ കാര്യത്തിൽ മലയാള അക്ഷരമാലാക്രമത്തിൽ വേണം പേരുകൾ കൊടുക്കേണ്ടത്. പേരിന് മുമ്പെയുള്ള ആദ്യ അക്ഷരങ്ങൾ, വല്ലതുമുണ്ടെങ്കിൽ അവഗണിക്കേണ്ടതാണ്. മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ പട്ടികയിൽ ചേർത്തിട്ടുള്ള അതേ ക്രമത്തിലായിരിക്കണം ബാലറ്റ് പേപ്പർ അച്ചടിക്കേണ്ടത്.

1995-ലെ തിരഞ്ഞെടുപ്പ് ചട്ടങ്ങളിലെ ചട്ടം 28(4) പ്രകാരം, രണ്ടോ അതിലധികമോ സ്ഥാനാർത്ഥികൾക്ക് പേര് ഒരേപോലെ ആണെങ്കിൽ തിരിച്ചറിയുന്നതിനായി തൊഴിൽ, വീട്ടുപേര് എന്നിവയിൽ ഏതെങ്കിലും ഉപയോഗിച്ച്, അല്ലെങ്കിൽ മറ്റേതെങ്കിലും മാർഗ്ഗം സ്വീകരിച്ച് വ്യത്യാസം കാണിക്കേണ്ടതാണ്. ഇത്തരം സംഗതിയിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ പട്ടികയിലും ബാലറ്റ് പേപ്പറിലും പേരുകൾ വിന്യസിക്കേണ്ടത് വ്യത്യാസം വരുത്താൻ ചേർത്ത പേരിന്റെ ആദ്യ അക്ഷരമാലാക്രമത്തിലായിരിക്കണം. ഒരു സ്ഥാനാർത്ഥിയുടെ പേരിനോടൊപ്പം മാന്യതാസൂചകമായോ വിദ്യാഭ്യാസ സംബന്ധമായോ പാരമ്പര്യദ്യോതകമായോ തൊഴിൽപരമായോ ഒരു പേരോ അല്ലെങ്കിൽ മറ്റേതെങ്കിലും സ്ഥാനപ്പേരോ ചേർക്കുന്നതിൽ തടസ്സമില്ല. എന്നാൽ ഇപ്രകാരം കൂട്ടിച്ചേർത്ത പേര് മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ പട്ടികയിലോ ബാലറ്റ്പേപ്പറിലോ പേരുകൾ അക്ഷരമാലാക്രമത്തിൽ വിന്യസിക്കുന്നതിൽ പരിഗണിക്കപ്പെടുകയില്ല.

*(എസ്.ഇ.സി...110/2015)*